# കേരള സർവകലാശാല

നം. പി.ആർ.033/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മാർച്ച് 20 ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 19, 50 രൂപ പിഴയോടെ ഫെബ്രുവരി 21, 125 രൂപ പിഴയോടെ ഫെബ്രുവരി 23 വരെ രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ട്രാൻസലേഷൻ & കമ്മ്യൂണിക്കേഷൻ ഇൻ ഫ്രഞ്ച്: പുന:പരീക്ഷ

2017 ജൂലൈ 27 ന് നടന്ന രണ്ടാം സെമസ്റ്റർ ബി.കോമിന്റെ (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം- സി.ബി.സി.എസ്.എസ്) ട്രാൻസലേഷൻ & കമ്മ്യൂണിക്കേഷൻ ഇൻ ഫ്രഞ്ച് (FR 1211.2) എന്ന വിഷയത്തിന്റെ പരീക്ഷ റദ്ദ് ചെയ്തു. പ്രസ്തുത വിഷയത്തിന്റെ (FR 1211.2) പുന:പരീക്ഷ (2013 അഡ്മിഷനും, 2014 അഡ്മിഷൻ മുതലുള്ളതും) ഫെബ്രുവരി 19-ന് 1.30 PM മുതൽ 4.30 PM നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ഫെബ്രുവരി 16 ന് ആരംഭിക്കുന്ന ബി.എസ്സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് അക്കൗണ്ടിങ്ങ് പരീക്ഷയ്ക്ക് ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങളിൽ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് സംസ്കൃത കോളേജ്, എം.ജി കോളേജ്, ഗവൺമെന്റ് വിമൻസ് കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളേജ്, നിറമൺകര എൻ.എസ്.എസ് കോളേജ്, കാട്ടാക്കട കൃസ്റ്റ്യൻ കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തവർ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ചവറ ബി.ജെ.എം കോളേജ്, കൊട്ടാരക്കര എസ്.ജി കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ്, കായംകുളം എം.എസ്.എം കോളേജ്, വർക്കല എസ്.എൻ കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ്, മാവേലിക്കര ബിഷപ്പ്മൂർ കോളേജ്, കൊല്ലം എസ്.എൻ വിമൻസ് കോളേജ് എന്നിവിടങ്ങളിൽ പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ചേർത്തല എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തവർ ആലപ്പുഴ എസ്.ഡി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## ബി.എസ്.സി പ്രാക്ടിക്കൽ പരീക്ഷ

2017 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ബി.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷാഫലം

2017 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി, ഇക്കണോമിക്സ്, ബിസിനസ്സ് ഇക്കണോമിക്സ്, സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ & ജ്യോതിഷ), എം.എസ്സി സുവോളജി, ഫിസിക്സ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

2016 ഡിസംബറിൽ നടന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.കോം ആന്റ് ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റ് കോഴ്സിന്റെ (2014 & 2013 അഡ്മിഷൻ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

ഫെബ്രുവരി 14–ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് 2013 സ്കീം പരീക്ഷ 2013, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി വിദ്യാർത്ഥികൾക്കും, കാര്യവട്ടം എഞ്ചിനിയറിംഗ് കോളേജിലെ 2015 അഡ്മിഷൻ റഗുലർ വിദ്യാർത്ഥികൾക്കും എഴുതാവുന്നതാണ്.

## എം.എസ്സി ഫലം

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
08.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in